### എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം



എസ്. ഹരികിഷോർ ഐ.എ.എസ്

# സംയോജന പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ വനിതകൾക്ക് മാന്യമായ തൊഴിലും സുസ്ഥിര വരുമാനവും

കേരളത്തിന്റെ ദാരിദ്ര്യനിർമാർജന മിഷനാണ് കുടുംബശ്രീ. പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യ പുരോഗതിക്കും സംഘടനാ സംവിധാനം കെട്ടിപ്പടുക്കാനും കുടുംബശ്രീയുടെ നേതൃത്വത്തിൽ പലതരം പദ്ധതികൾ നടപ്പാക്കി വരികയാണ്. പഞ്ചായത്തുകളുമായി ചേർന്നുള്ള സംയോജന പദ്ധതികളാണ് കുടുംബശ്രീയുടെ ഏറ്റവും വലിയ അടിസ്ഥാനം. പഞ്ചായത്തുകൾക്കു വേണ്ടി പ്രോജക്ട് തയ്യാറാക്കി ആവശ്യങ്ങൾ സമർപ്പിക്കുകയും പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന പ്രോജക്ട് നടപ്പാക്കുകയും ചെയ്യുന്ന ഒരു സംവിധാനം കുടുംബശ്രീക്കുണ്ട്. ഇതു കൂടാതെ വിവിധ വകുപ്പുകളുമായുള്ള സംയോജന പദ്ധതികളാണ് കുടുംബശ്രീയെ പുതിയ തലത്തിലേക്ക് നയിക്കുന്നത്. ഇത്തരത്തിലുള്ള സംയോജന പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങളാണ് ഈ ലക്കം പ്രതിപാദിക്കുന്നത്.

**സംയുക്ത പദ്ധതികൾ**

ഈ കഴിഞ്ഞ വർഷം രണ്ട് ബൃഹത്തായ പദ്ധതികൾക്ക് കുടുംബശ്രീ നേതൃത്വം നൽകിയത്. മൃഗസംരക്ഷണ മേഖലയിലാണ് ഈ രണ്ടു പദ്ധതികളും നടപ്പാക്കിയത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എബിസി പദ്ധതിയാണ്. കേരളത്തിൽ തെരുവുനായ്ക്കളുടെ ശല്യം ഏറ്റവും രൂക്ഷമായ സാഹചര്യത്തിൽ ഇവയെ പിടിച്ച് വന്ധ്യംകരിച്ച ശേഷം അവയെ പിടിച്ച സ്ഥലത്തു തന്നെ തിരിച്ചു കൊണ്ടുവിടുന്ന രീതിയിൽ പഞ്ചായത്തുകളെ സഹായിക്കാനായി ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിയായി കുടുംബശ്രീ മാറിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പും പഞ്ചായത്തുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. തെരുവു നായ്ക്കളെ പിടിക്കാനും പരിപാലിക്കാനും വേണ്ടി കുടുംബശ്രീ യൂണിറ്റുകൾക്ക് കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിക്കും. ഈ യൂണിറ്റുകൾക്ക് പരിശീലനം നൽകുന്നതും യൂണിറ്റുകൾ എത്തിക്കുന്ന തെരുവുനായ്ക്കളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മൃഗാശുപത്രിയിൽ വച്ച് ശസ്ത്രക്രിയ നടത്തുന്നതും മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരാണ്. തുടർപരിചരണം നൽകിയ ശേഷം ഈ തെരുവു നായ്ക്കളെ കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ തന്നെ തിരിച്ച് പിടിച്ച അതേ സ്ഥലത്ത് തന്നെ എത്തിക്കുന്നു. ഈയൊരു പദ്ധതിയിൽ പഞ്ചായത്തുകളാണ് തെരുവുനായ ശല്യത്തിനെതിരെ നടപടി എടുക്കേണ്ടത് എന്നുള്ളതുകൊണ്ട് പഞ്ചായത്തുകളാണ് ഈ പദ്ധതിക്കു വേണ്ട ഫണ്ട് നൽകുന്നതും സഹായങ്ങൾ നൽകുന്നതും. മൂന്ന് വകുപ്പുകളുടെയും ഒരു വലിയ സംയോജനത്തിലാണ് കേരളത്തിൽ എബിസി പദ്ധതി നടപ്പാക്കുന്നത്. നാളിതു വരെ 382 പഞ്ചായത്തുകളിൽ കുടുംബശ്രീക്കു വേണ്ടി 3.10 കോടി കൈമാറി. ഈ തുക ഉപയോഗിച്ചുകൊണ്ട് 20873 തെരുവു നായ്ക്കളെ പിടിക്കാൻ സാധിച്ചു. ഇതിലൂടെ കുടുംബശ്രീ വനിതകൾക്ക് രണ്ട് കോടി രൂപയുടെ വരുമാനം നേടാൻ കഴിഞ്ഞു എന്നത് ഏറെ ശ്രദ്ധേയമാണ്.. ഈ വർഷം പഞ്ചായത്തുകൾ ഈ പദ്ധതിക്കു വേണ്ടി തുക വയ്ക്കുമെന്നും കൂടുതൽ യൂണിറ്റുകൾ എല്ലാ ബ്ലോക്കിലും, മുനിസിപ്പാലിറ്റിയിലും ഒരു യൂണിറ്റെങ്കിലും സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ മറ്റൊരു സംയുക്ത പദ്ധതി കേരള ചിക്കൻ

പദ്ധതിയാണ്. കേരളത്തിൽ എല്ലാവർക്കും സേഫ് ടു ഈറ്റ് ആയിട്ടുള്ള ചിക്കൻ ഉൽപാദിപ്പിക്കുക എന്നതു ലക്ഷ്യമിട്ടാണു കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൃഗസംരക്ഷണ വകുപ്പ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. 1000 കോഴിക്കുഞ്ഞുങ്ങളെ വളർത്താനുള്ള കൂടും മറ്റ് സൗകര്യങ്ങളും കുടുംബശ്രീയുടെ വ്യക്തിഗത/അല്ലെങ്കിൽ ഗ്രൂപ്പ് ഗുണഭോക്താവിനായി തയ്യാറാക്കുകയും ഫാമിലേക്ക് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ കെപ്കോ കൊടുക്കുകയും ചെയ്യും. 45 ദിവസം ഇവയെ വളർത്തി ബ്രോയിലർ ചിക്കനായി കഴിഞ്ഞ് തിരികെ കെപ്കോയോ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയോ എടുത്തുകൊണ്ട് ഈയൊരു പ്രക്രിയയ്ക്ക് വളരെ ന്യായമായ വില ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്യുന്ന പദ്ധതിയാണ് കേരള ചിക്കൻ.

കഴിഞ്ഞ വർഷം തുടങ്ങിയ കേരള ചിക്കൻ പദ്ധതി പ്രകാരം നാൽപതോളം കർഷകർ ഇതിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ കെപ്കോ 35 രൂപയ്ക്ക് കൊടുക്കുകയും തിരികെ 85 രൂപയ്ക്ക് എടുക്കുകയും ചെയ്യുമ്പോൾ കർഷകന് 45 ദിവസം കൊണ്ട് ഏകദേശം 45,000 രൂപയാണ് ലഭിക്കുന്നത്. കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെ പൂർണ പിന്തുണയോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഓരോ പഞ്ചായത്തിലുമുള്ള ഇത്തരം കർഷകർക്ക് അതാത് മൃഗസംരക്ഷണ ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും അവരുടെ മേൽനോട്ടം ഈ പദ്ധതിയെ വളരെയധികം ശക്തിപ്പെടുത്തുമെന്നും ആയിരം കർഷകരിലേക്ക് ഈ വർഷം എത്തണം എന്നാണ് പ്രതീക്ഷിക്കുന്നത്.

**വകുപ്പുമായുള്ള സംയോജനം**

വിവിധ വകുപ്പുകളുമായി ചേർന്നുകൊണ്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ കുടുംബശ്രീ എന്നും മുൻകൈ എടുത്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലം വിവിധ വകുപ്പുകൾക്കു വേണ്ടി പദ്ധതികൾ നടപ്പാക്കുന്നതിൽ വലിയ നേട്ടമാണ് കുടുംബശ്രീ കൈവരിച്ചിട്ടുള്ളത്. അട്ടപ്പാടിയിലും വലിയ നേട്ടം കൈവരിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. അട്ടപ്പാടിയിൽ സാമൂഹ്യനീതി വകുപ്പിനും പട്ടികവർഗ വികസന വകുപ്പിനും വേണ്ടി കമ്മ്യൂണിറ്റി കിച്ചൻ നടത്തുന്നതു മുതൽ ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകി അവരെ ജോലിക്ക് പ്രാപ്തരാക്കുന്നതു വരെയുള്ള വിവിധ തലത്തിലുള്ള പദ്ധതികളാണ് കുടുംബശ്രീ ഏറ്റെടുത്ത് ഇപ്പോൾ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഇതിനു മുമ്പ് കേരളത്തിലെ എല്ലാ അംഗൻവാടികളിലേക്കും നൽകേണ്ട പൂരക പോഷകാഹാരമായ ന്യൂട്രിമിക്സ് ഉൽപാദിപ്പിക്കുന്ന പദ്ധതി ഏറ്റെടുത്തിരുന്നു. ഇന്ന് 236-ഓളം ന്യൂട്രിമിക്സ് ഉൽപാദന കേന്ദ്രങ്ങളിലൂടെ 100 കോടിയിലധികം വാർഷിക ടേൺഓവറുള്ള തലത്തിലേക്ക് ഈ പദ്ധതി മാറിക്കഴിഞ്ഞു. എല്ലാ ന്യൂട്രിമിക്സ് യൂണിറ്റുകളെയും ഗ്രേഡ് ചെയ്ത് മൈക്രോ ന്യൂട്രിയന്റ്സ് അടക്കമുള്ള ന്യൂട്രിമിക്സ് നൽകുന്ന തലത്തിലേക്ക് ഈ പദ്ധതി മാറിയിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ വകുപ്പുകളിൽ നിന്നും വിവിധ ഉപജീവന പദ്ധതികൾക്കായി പ്രോജക്ട് സമർപ്പിക്കുകയും ഇത്തരം പ്രോജക്ടുകൾ ലഭിക്കുന്നതിലൂടെ ഉപജീവന പദ്ധതികൾ സാധാരണക്കാരിലേക്ക് എത്തിക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. മൂന്നരക്കോടി രൂപയാണ് പട്ടികവർഗ വികസന വകുപ്പിൽ നിന്നും ഇത്തരം പദ്ധതികൾക്കായി ലഭിച്ചിട്ടുള്ളത്. ഗവിയിൽ ഒരു ടൂറിസ്റ്റ് ബസ് നൽകാനും കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി കാന്റീനു






കൾ തുറക്കാനും ബ്ലോക്ക് തലത്തിൽ കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നുകൊണ്ട് കെട്ടിട നിർമാണ സാമഗ്രികൾ നിർമിക്കുന്ന യൂണിറ്റുകൾക്കുള്ള യന്ത്രസാമഗ്രികളും മറ്റും വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നു കുടുംബശ്രീക്കു തുക ലഭിക്കുകയും ഈ പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനമാണ് വിഭാവനം ചെയ്തിട്ടുള്ള മറ്റൊരു മേഖല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കുടുംബശ്രീയിലെ വിവിധ പദ്ധതികളായ കേരള ചിക്കൻ, ഗുണഭോക്താക്കൾക്ക് കൂടു നിർമിക്കാനും, നഴ്സറിയിലെ ഗുണഭോക്താക്കൾക്കും കാർഷിക മേഖലയിലെ സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾക്കും നിലമൊരുക്കാനും കെട്ടിട നിർമാണ യൂണിറ്റുകൾക്ക് മെറ്റീരിയലും ലേബർ നൽകുന്നതിനും ഗ്രാമീണ ചിന്തകൾക്ക് സ്ഥിര വിപണന കേന്ദ്രമൊരുക്കാനുമൊക്കെയുള്ള തലത്തിലേക്ക് കുടുംബശ്രീയും തൊഴിലുറപ്പുമായുള്ള സംയോജന പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ഇതുകൂടാതെ കുടുംബശ്രീയിലെ വിവിധ പദ്ധതികൾ തമ്മിലുള്ള സംയോജനം എടുത്തുപറയേണ്ട ഒന്നാണ്. ആശ്രയ ഗുണഭോക്താക്കളെ എല്ലാവരേയും കണ്ടെത്തിക്കൊണ്ട് ഇവർക്കിടയിൽ നിന്നു തൊഴിൽ പരിശീലനം നേടാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തി അവർക്ക് പരിശീലനം കൊടുക്കാനുള്ള സംയുക്ത പദ്ധതി ഇപ്പോൾ തന്നെ നൂറിലധികം പേരിലേക്ക് എത്തിയിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന ബഡ്സ് സ്കൂളുകൾ കുടുംബശ്രീയുടെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു സെന്റ് ഭൂമിയിലെങ്കിലും കൃഷി ചെയ്യുക എന്ന പദ്ധതിക്ക് തുടക്കമിട്ടു കഴിഞ്ഞു. ഡി.ഡി.യു.ജി.കെ.വൈ കുട്ടികൾക്കായുള്ള യൂണിഫോം കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകൾ വഴി കൊടുക്കുകയും ഡി.ഡി.യു.ജി.കെ.വൈ പരിശീലന സ്ഥാപനങ്ങളിലെ ഹോസ്റ്റലുകളും കാന്റീനുകളും നടത്താൻ യൂണിറ്റുകളെ പര്യാപ്തമാക്കുകയും തുടങ്ങി കാർഷിക നഗര മേഖലകളിലെ പ്രവർത്തനങ്ങളും ഐ.ഇ.സി ക്യാമ്പയിൻ രംഗശ്രീ യൂണിറ്റുകൾ വഴി നടത്തുകയും ചെയ്യുന്നതിലൂടെ കുടുംബശ്രീക്കുള്ളിൽ നിന്നുകൊണ്ടു തന്നെ വിവിധ സംയോജന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നു.





## സേവനദാതാക്കളായി കുടുംബശ്രീ

വിവിധ വകുപ്പുകളുമായി ചേർന്ന് സംയുക്ത പദ്ധതികൾ നടപ്പാക്കുകയും വിവിധ വകുപ്പുകൾക്കായുള്ള പദ്ധതികൾക്ക് സംയോജനം ചെയ്ത് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതു കൂടാതെ സർക്കാർ സർക്കാർ ഇതര മേഖലയിൽ സേവനദാതാവായി മുന്നേറുന്ന കാലഘട്ടത്തിലൂടെയാണ് കുടുംബശ്രീ കടന്നുപോകുന്നത്.

കൊച്ചി മെട്രോയുടെ പൂർണമായ നടത്തിപ്പു തുടങ്ങി നാൽപ്പതോളം റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിംഗും എ.സി വെയിറ്റിംഗ് ഹാളിന്റെ നടത്തിപ്പ് ഏറ്റെടുത്തു നടത്തുന്നതുവരെയുള്ള പ്രവർത്തനങ്ങൾ വ്യാപിച്ചിട്ടുണ്ട്. ഫെസിലിറ്റി മാനേജ്മെന്റ് ഏജന്റായി വിവിധ സേവന പ്രവർത്തനങ്ങൾ ഏറ്റെടുത്തു ചെയ്യാൻ വൈറ്റില മൊബിലിറ്റി ഹബ്, മലബാർ കാൻസർ സെന്റർ, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളുമായി കൈകോർത്തിട്ടുണ്ട്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായും ടോയ്‌ലറ്റ് മാനേജ്മെന്റിനു വേണ്ടിയും മറ്റ് ഫെസിലിറ്റി മാനേജ്മെന്റിനു വേണ്ടിയും കുടുംബശ്രീ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി റിസർവേഷനു വേണ്ടിയുള്ള പ്രൊപ്പോസലിന് അനുമതി ലഭിക്കുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്. ഇതുകൂടാതെ വിവിധ സ്ഥാപനങ്ങളിൽ കാന്റീൻ നടത്താനും അവർക്കാവശ്യമായ ടെയ്‌ലറിംഗ് വർക്കുകൾ ചെയ്യാനും സേവനദാതാവായി പല തലങ്ങളിൽ കുടുംബശ്രീ പ്രവർത്തിച്ചുവരികയാണ്. ടൂറിസം വകുപ്പിന്റെ മുന്നൂറോളം കേന്ദ്രങ്ങളിൽ ക്ലീനിങ്ങുമായി ബന്ധപ്പെട്ട ജോലികൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. ഇങ്ങനെ കുടുംബശ്രീയുടെ നേതൃത്വത്തിൽ സേവന മേഖലയിൽ വലിയൊരു മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സംയുക്ത പദ്ധതികൾക്കെല്ലാം കൂടുതൽ സ്വീകാര്യത കൈവരിച്ചും സുസ്ഥിരമാക്കിയും ഇരുവിഭാഗത്തിനും നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നതോടൊപ്പം നിരവധി പാവപ്പെട്ട സ്ത്രീകൾക്ക് ഉപജീവനമാർഗം കണ്ടെത്താനും ഇത്തരം സംയുക്ത പദ്ധതികളിലൂടെ സാധിക്കുന്നു. പുതിയ അവസരങ്ങൾ കുടുംബശ്രീയെ തേടിയെത്തുമ്പോൾ എല്ലാവിധ വെല്ലുവിളികളും ഏറ്റെടുത്തു മുന്നോട്ടു പോകാൻ വേണ്ടി ഇത്തരം പദ്ധതികളിലൂടെ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു.

